പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5246 24.10.2011 -ൽ മറുപടിക്ക്

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) നമ്മുടെ സംസ്ഥാനത്ത് വാഹനാപകടങ്ങളും, തന്മൂലം ഉണ്ടാകുന്ന മരണങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാഹനാപകടങ്ങളുടെ എണ്ണം കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് കുറഞ്ഞിട്ടുണ്ടെങ്കിലും തദനുസരണമായി മരണ നിരക്ക് കുറഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന് ഒരു പരിധി വരെ കാരണം അശ്രദ്ധമായും മദ്യപിച്ചും വാഹനമോടിക്കുന്നത് ആയതിനാൽ ഇത്തരത്തിൽ അപകടം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (ബി) | അശ്രദ്ധമായും മദ്യപിച്ചും വാഹനം ഓടിക്കുന്നവർക്കെതിരെ പരിശോധനാ വേളയിൽ നിയമാനുസൃതമുള്ള കർശന നടപടികളെടുത്തു വരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടിക്കുവാനായി 12 ആൽക്കോമീറ്ററുകൾ പുതിയതായി വാങ്ങുവാനായി മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനിലും മൊബൈൽ യൂണിറ്റിലും ആൽക്കോമീറ്റർ വാങ്ങുന്നതിനായി 2 കോടി രൂപ നൽകിയിട്ടുണ്ട്. |
| (സി) അപകടം മൂലം ഗുരുതരമായ പരിക്കോ, ഒരാൾക്കെങ്കിലും ജീവനാശം സംഭവിക്കുകയോ ചെയ്താൽ വാഹനമോടിച്ചവരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുവാനും കണ്ടുകെട്ടുവാനും നടപടി സ്വീകരിക്കുമോ? | (സി) | അപകടങ്ങളുടെ തീവ്രതയനുസരിച്ച് ലൈസൻസ് നിശ്ചിത കാലത്തേയ്ക്ക് കണ്ടുകെട്ടുന്നുണ്ട്. ഇത്തരത്തിൽ സസ്പെന്റ് ചെയ്ത ലൈസൻസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>2005 – 575<br>2006 – 444<br>2007 – 458<br>2008 – 637<br>2009 – 2560<br>2010 – 1708<br>2011 – 1033 (ഒക്ടോബർ വരെ) |

സെക്ഷൻ ഓഫീസർ